**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1062

04.12.2014 ൽ
മറുപടിക്ക്

**ശ്രീമതി. നിഷാത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

**ചോദ്യം**
**ശ്രീ. പി.കെ. ബഷീർ**

**മറുപടി**
**ശ്രീ. അബ്ദു റബ്ബ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

| | |
|---|---|
| (എ) സേവനത്തിനിടയിൽ മരണപ്പെട്ടുപോയ മുസ്തഫയുടെ വിധവ ശ്രീമതി. നിഷാത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 18017/D3 / 14 /ഉ.വി നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത വിഷയത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ എന്തായിരുന്നു; വിശദമാക്കുമോ;<br><br>(സി) പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | വെമ്പല്ലൂർ എം. ഇ എസ് അസ്മാബി കോളേജിൽ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ കെ മുഹമ്മദ് മുസ്തഫ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് 22.1.1999 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് എം ഇ എസ് മാനേജ്മെന്റ് ഉത്തരവിട്ടിരുന്നു. ഇതിനുശേഷം കെ മുഹമ്മദ് മുസ്തഫ 15.3.2011 ൽ മരണപ്പെട്ടിരുന്നു.<br>പരേതനായ കെ മുഹമ്മദ് മുസ്തഫയുടെ ഭാര്യയായ ശ്രീമതി. എ പി നിഷാത്ത് പെൻഷൻ അനുവദിക്കണമെന്ന അപേക്ഷയുമായി സർക്കാരിനെ സമീപിക്കുകയുണ്ടായി. ടി അപേക്ഷയുടെ വെളിച്ചത്തിൽ പിരിച്ചുവിടൽ നടപടി എം ഇ എസ് മാനേജ്മെന്റ് പുനഃപരിശോധിക്കുകയും 22.1.1999 മുതൽ മുൻകാല പ്രബാല്യത്തോടെ സർവ്വീസിൽ തിരിച്ചെടുത്തു കൊണ്ട് 2.12.2013 ൽ ഉത്തരവാകുകയും ചെയ്തിരുന്നു.<br>കെ മുഹമ്മദ് മുസ്തഫയെ സർവ്വീസിൽ തിരിച്ചെടുത്ത 22.1.1999 മുതൽ മരണമടഞ്ഞ തീയതിയായ 15.3.2011 വരെയുള്ള കാലാവധി ശൂന്യവേതനാവധി/ സ്പെഷ്യൽ കാഷ്വൽ ലീവായി ക്രമവത്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ ഫയൽ പരിശോധിച്ചശേഷം ലീവ് അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിലേക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻ തന്നെ ഈ ഫയലിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ